## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ 1438

15.02.2016- ലെ
മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. കെ.എസ്. സലീഖ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം എത്ര രൂപ കേന്ദ്രം അനുവദിച്ചു എന്നറിയിക്കുമോ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 2015-16 സാമ്പത്തിക വർഷം കേന്ദ്രം 5811.36 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) ആയതിൽ 2016 ജനുവരി 31 വരെ എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കുമോ; | (ബി) 31.01.2016 വരെയുള്ള താൽക്കാലിക കണക്ക് പ്രകാരം 2352.56 കോടി രൂപ (40%) ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഇത്തരത്തിൽ 2014-15 സാമ്പത്തിക വർഷം കേന്ദ്രം അനുവദിച്ച തുക എത്രയെന്നും ഇതിൽ എന്തു തുക ചെലവഴിക്കാൻ കഴിയാതെ ലാപ്സായി എന്നും വ്യക്തമാക്കുമോ; | (സി) 2014-15 സാമ്പത്തിക വർഷം കേന്ദ്രം 3916.87 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷത്തിലെ അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ കണക്ക് ലഭ്യമായ ശേഷമേ ലാപ്സായ തുക സംബന്ധിച്ച വിവരം ലഭ്യമാകുകയുള്ളൂ. |
| (ഡി) മികച്ച ആസൂത്രണമില്ലായ്മയാണ് ഇത്തരത്തിൽ കേന്ദ്രം നൽകുന്ന തുക ലാപ്സാകുന്നതിന് കാരണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ; | (ഡി) ബാധകമല്ല. |

........2

| | |
|---|---|
| (ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2015-16 സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചു ; ആയതിൽ 2016 ജനുവരി 31 വരെ എന്ത് തുക ചെലവഴിച്ചു; വിശദമാക്കുമോ ; കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകുന്ന തുക ഈ സർക്കാർ ഏതൊക്കെ കാര്യങ്ങൾക്കായി വകമാറ്റി ചെലവഴിച്ചു ; വിശദാംശം വ്യക്തമാക്കുമോ ? | (ഇ) ദേശീയ തൊഴിലുറപ്പ് പദ്ധതി, ഇന്ദിരാ ആവാസ് യോജന, പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി എന്നിവയ്ക്ക് 2015-16 സാമ്പത്തിക വർഷം അനുവദിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു. |

(തുക കോടിയിൽ)

| പദ്ധതി | അനുവദിച്ച തുക | | ചെലവഴിച്ച തുക |
|---|---|---|---|
| | കേന്ദ്രം | സംസ്ഥാനം | |
| ദേശീയ തൊഴിലുറപ്പ് പദ്ധതി | 1402.58 | 2.5 | 1450.93 |
| ഇന്ദിരാ ആവാസ് യോജന | 240.7 | 147.58 | 295.88 |
| പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് പദ്ധതി | 54.75 | -- | 62.37 |

കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്രം നൽകിയ തുക വകമാറ്റി ചെലവഴിച്ചിട്ടില്ല.

Bijumon

സെക്ഷൻ ഓഫീസർ